## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5071 | 28/10/2016 ൽ മറുപടിക്ക്

### എറണാകുളം റോയൽ മാർക്കറ്റിംഗ് & ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കൊച്ചി കോർപ്പറേഷന്റെ പരിധിയിൽ റോയൽ മാർക്കറ്റിംഗ് & ഡിസ്ട്രിബ്യൂട്ടേഴ് DCA ഫോർ റിലയൻസ് ഇൻഡസ്ട്രിയൽ ലിമിറ്റഡ്, ഫസ്റ്റ് ഫ്ളോർ, സെബാസ്റ്റ്യൻ റോഡ്, കലൂർ, എറണാകുളം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കോർപ്പറേഷന്റെ റിക്കാർഡുകൾ പ്രകാരം എന്നാണ് പ്രസ്തുത സ്ഥാപനം ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ; | എ) & ബി) | ഉണ്ട്. 27.02.2016-ൽ ആണ് ഇതിന് രജിസ്ട്രേഷൻ നൽകിയിട്ടുള്ളത്. പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) | കോർപ്പറേഷനിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന് ഏതെങ്കിലും തരത്തിലുള്ള ലൈസൻസുകളോ പെർമിറ്റുകളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തി കോപ്പികൾ ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| സി) | കൊച്ചി കോർപ്പറേഷനിലേക്ക് നാളിതുവരെ ബിൽഡിംഗ് ടാക്സോ മറ്റ് ഫീസുകളോ ഈ സ്ഥാപനം ഒടുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിവരങ്ങളും കോപ്പികളും ലഭ്യമാക്കുമോ; | സി) | കൊച്ചി കോർപ്പറേഷനിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം കലൂർ സെബാസ്റ്റ്യൻ റോഡിലുള്ള 36/1899 ഡി2 (65/1093) നമ്പർ ഫസ്റ്റ് ഫ്ലോർ കെട്ടിടം ഷമാസ്.എൻ.എ. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലാണ്. ടി കെട്ടിടത്തിന്റെ വസ്തുനികുതി 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ രസീത് നമ്പർ 9020, തീയതി 08.06.2014, 40316 തീയതി 25.11.2014 ഓഫീസ് കളക്ഷൻ തീയതി 9.6.2015 പ്രകാരം അടച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കോപ്പികൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| ഡി) | കോർപ്പറേഷനിലെ റിക്കാർഡുകൾ പ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ പാർട്ട്നേഴ്സ് ആരൊക്കെയാണ്; വിശദമാക്കുമോ; ഇവരുടെ പൂർണ്ണമേൽവിലാസവും ലഭ്യമാക്കുമോ; | ഡി) | ഡോ. സേവ്യർ മാത്യു<br>36/1899 ഡി2,<br>കാസിം ബിൽഡിങ്,<br>സെബാസ്റ്റ്യൻ റോഡ്, കലൂർ |
| ഇ) | ഈ സ്ഥാപനം എന്ത് ബിസ്സിനസ്സാണ് നടത്തുന്നതെന്ന വിവരം വിശദമാക്കുമോ; | ഇ) | ഓഫീസ് ഫോർ പോളിമർ ഏജൻസി. |
| എഫ്) | മുൻമന്ത്രി പാലാ കരിങ്ങോഴയ്ക്കൽ കെ.എം.മാണിയുടെ മകൻ ജോസ് കെ.മാണിയുടെ ഭാര്യ നിഷാ ജോസ് ഈ കമ്പനിയിൽ പാർട്ട്ണർ ആണെന്നുള്ളത് സംബന്ധിച്ച രേഖകൾ കോർപ്പറേഷനിൽ ഉണ്ടോ; വിവരിക്കുമോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ? | എഫ്) | ഇത് സംബന്ധിച്ച രേഖകൾ കൊച്ചി കോർപ്പറേഷനിൽ ഇല്ല. |

സെക്ഷൻ ഓഫീസർ